പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5856 — 09/07/2012 ൽ മറുപടിയ്ക്ക്

## സർവ്വേ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ: | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | സർവ്വേവകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന പരാതികൾ ഉടൻ തീർപ്പാക്കുന്നതിനും ഫയലുകളുടെ സ്ഥിതി അറിയുന്നതിനും ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | 31/05/2010 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 200/10/റവന്യൂ പ്രകാരം റീസർവ്വെ പൂർത്തിയായ എല്ലാ വില്ലേജുകളുടെയും ഭൂപരാതികൾ ബന്ധപ്പെട്ട താലൂക്കാഫീസ് അഡീഷണൽ തഹസീൽദാർ മുഖേനയാണ് പരിഹാരം കണ്ടു വരുന്നത്. ബന്ധപ്പെട്ട താലൂക്കാഫീസുകളിൽ തീർപ്പാകാൻ ശേഷിക്കുന്ന പരാതികൾ ഉടൻ തീർപ്പാക്കുന്നതിന് സർവ്വെ അദാലത്ത് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫയലുകളുടെ സ്ഥിതി വിവരം അറിയുന്നതിന് അപേക്ഷ ലഭിക്കുന്നത് മുതൽ ഫയൽ നടപടികൾ ഓരോഘട്ടവും തീർപ്പു വിവരവും അതാതു സമയത്ത് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി ആവശ്യമായ റിക്കാർഡുകൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത് ഏത് ഏജൻസിയെയാണെന്ന് അറിയിക്കുമോ; പദ്ധതി എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | ഇതു സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തിട്ടില്ല. |
| (സി) | സർവ്വേ വകുപ്പിൽ തീർപ്പാകാതെ കിടക്കുന്ന എത്ര പരാതികളാണ് നിലവിലുള്ളത്; ഇത്തരം പരാതികൾ സ്കാൻ ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് ആകെ 1,33,206 പരാതികൾ തീർപ്പാക്കാൻ ശേഷിക്കുന്നുണ്ട്. ഇത്തരം പരാതികൾ സ്കാൻ ചെയ്ത് സൂക്ഷിക്കുന്നതിനായി ഓരോ താലൂക്കിലും ഓരോ സ്കാനറും ഓരോ കമ്പ്യൂട്ടറും വാങ്ങി നൽകുവാൻ ഉദ്ദേശിക്കുന്നു. |

(ഡി) സീനിയോറിറ്റി മറികടന്ന് സർവ്വേവകുപ്പിൽ ഉദ്യോഗസ്ഥർ ഫയൽ കൈകാര്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

(ഡി) ചില അവസരങ്ങളിൽ സീനിയോറിറ്റി നോക്കാതെ സർവ്വേ പരാതികൾ കൈകാര്യം ചെയ്യേണ്ടതായി വരുന്നു. വിവാഹം, വിദ്യാഭ്യാസം/ ഭവന നിർമ്മാണ ലോൺ തുടങ്ങി അടിയന്തിര സാഹചര്യങ്ങളിൽ സ്പെഷ്യൽ ഓർഡർ നൽകുന്നതിന് ജില്ലാ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ള പ്രകാരം ലഭിക്കുന്ന പരാതികൾ ക്രമം നോക്കാതെ അടിയന്തിരമായി പരിഹരിച്ചു നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ